LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

109 (6268) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം ജലസേചന/കുടിവെള്ള പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചെന്നും അതിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) ഒതുക്കുങ്ങൽ-പൊന്മള പഞ്ചായത്ത് കുടിവെള്ള പദ്ധതിയും നബാർഡ് ധന സഹായമുള്ള കണ്ണമംഗലം പഞ്ചായത്തിലെ മിനി വാട്ടർ സപ്ലൈ സ്ക്കീമും ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പ്രസ്തുത പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എസ്റ്റിമേറ്റ് തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആലിയപ്പറമ്പ്, ഭൂദാനം-അപ്പക്കാട് എന്നീ കുടിവെള്ള പദ്ധതികൾ നടപ്പാക്കി നബാർഡ് സ്പാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ആനക്കയം ശുദ്ധജല വിതരണ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I * ആയി ചേർക്കുന്നു.

(ബി) പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത ആലിയപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് 58.59 ലക്ഷം രൂപയും ഭൂദാനം-അപ്പക്കാട് പദ്ധതിക്ക് 5 ലക്ഷം രൂപയുമാണ് ചെലവഴിച്ചത്.

139.84 ലക്ഷം രൂപ ചെലവഴിച്ച് ആനക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. തടയണയുടെ പ്രവൃത്തി ടെണ്ടർ ചെയ്തുവെങ്കിലും ഉയർന്ന നിരക്ക് കാട്ടി ചെയ്തതിനാൽ റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മറ്റ് പ്രവൃത്തികളെല്ലാം എൽ.ഐ.സി. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു കഴിഞ്ഞതാണ്.

ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒതുക്കുങ്ങൽ-പൊന്മള പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ 2900 ലക്ഷം രൂപ അടങ്കൽ തുകയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കണ്ണമംഗലം ഗ്രാമ പഞ്ചായത്തിനുവേണ്ടി 1055 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി.യിൽ സമർപ്പിച്ചിരുന്നുവെങ്കിലും പുതിയ പദ്ധതികൾക്കൊന്നും അംഗീകാരം ലഭിക്കുകയുണ്ടായില്ല.

(ഡി) 2900 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒതുക്കുങ്ങൽ-പൊന്മള പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അംഗീകാരം നൽകിയശേഷം മാത്രമേ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

1055 ലക്ഷം രൂപ അടങ്കൽ തുകയുള്ള കണ്ണമംഗലം ഗ്രാമ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.സി.യിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം മാത്രമേ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

നദികളെ മാലിന്യമുക്തമാക്കുന്നതിന് നടപടി

110 (6269) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതീവ മലിനമായ നദികളെ ശുദ്ധീകരിക്കുന്നതിനും തുടർന്ന് സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ;

(ബി) നദികളെ മാലിന്യമുക്തമാക്കുന്നതിനായി ജനകീയ സമിതികൾ രൂപീകരിക്കാൻ ആലോചിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പുചിലവുള്ള കർമ്മ പദ്ധതിയുടെ രൂപരേഖകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 320 കോടി രൂപ ചിലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പാക്കാനായി 18.45 കോടി രൂപ 2003-ൽ സംസ്ഥാനത്തിന് അനുവദിക്കുകയും ഇതിൽ ആദ്യഗഡുവായി 2.78 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കിവരുന്നു. പമ്പാ നദീ സംരക്ഷണത്തിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പമ്പാ നദിയുടെ സംരക്ഷണത്തിനായി ജനപ്രതിനിധികളെ ഉൾപ്പെടുത്തി പമ്പാ റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly